PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1969

Wednesday, the 20th August, 1969

Vol. XXV **OFFICIAL REPORT** **[No. 10**

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, the 20th August, 1969, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session)

(i) ORAL ANSWERS

വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ് എന്നീ വകുപ്പിൽപ്പെട്ട ഉദ്യോഗസ്ഥന്മാർ

* 141 [526] ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് നിലവിൽ വന്നതിനുശേഷം വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ് എന്നീ വകുപ്പിൽപ്പെട്ട ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലു. പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; ഏത്ര കാരണത്താൽ;

(സി) കണ്ണൂർ ജില്ലയിൽപ്പെട്ടവരും പരീക്ഷായോഗ്യതയില്ലാത്ത കാരണത്താൽ പിരിച്ചുവിടപ്പെട്ടവരുമായ ഉദ്യോഗസ്ഥന്മാർ, പരീക്ഷായോഗ്യത സിദ്ധിച്ചിട്ടുണ്ടെന്നും അതിനാൽ അവരെ തിരിച്ചെടുക്കണമെന്നും കാണിച്ച് വല്ല നിവേദനവും നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പരിഗണിക്കുമോ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): (എ) ഉണ്ട്. കണ്ണൂർ ഡിസ്ട്രിക്ടിൽ നാലു വില്ലേജ് ആഫീസർമാരേയും 3 വില്ലേജ് അസിസ്റ്റന്റന്മാരേയും പിരിച്ചുവിട്ടിട്ടുണ്ട്. വില്ലേജ് അസിസ്റ്റന്റന്മാരിൽ രണ്ടുപേരെ സ്പെഷ്യൽ വില്ലേജ് അസിസ്റ്റന്റായി തിരിയെ എടുത്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ഡിസ്ട്രിക്ടുകളിൽനിന്ന് ആരേയും പിരിച്ചുവിട്ടിട്ടില്ല. തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരീക്ഷാ യോഗ്യത ഇല്ലെന്നുള്ള കാരണത്താലാണ്.
(സി) ഉണ്ട്.
(ഡി) ആയതു് ഗവണ്മെൻറിന്റെ പരിഗണനയിലാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ട ജില്ലയിൽനിന്നും കോൽക്കാരൻ പെയിൻമാൻ തുടങ്ങിയ ഉദ്യോഗസ്ഥന്മാരെ പിരിച്ചു വിട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇവിടത്തെ ചോദ്യം വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റൻറ് ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാരെപ്പറ്റിയാണ്. അതുകൊണ്ട് ഈ ചോദ്യത്തിനു് ഉത്തരം പറയാൻ വിഷമമുണ്ട്. നോട്ടീസു വേണം.

ശ്രീ: കെ. കരുണാകരൻ: പരീക്ഷാ യോഗ്യത ഇല്ലാത്തവർ എങ്ങനെ സർവ്വീസിൽ വന്നു. അങ്ങനെ വന്നസ്ഥിതിക്കു് അവരെ പിരിച്ചുവിടേണ്ട കാര്യമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതു് മുമ്പുള്ളതാണ്. എങ്ങനെ വേണമെന്നുള്ളതിനെപ്പറ്റി പരിശോധിക്കാം. ടെസ്റ്റ് കാളിഫിക്കേഷൻ ഇല്ലെന്നു പറഞ്ഞാണു് പിരിച്ചുവിട്ടതു്. പിന്നീടു് അവർ കൊടുത്ത പെറ്റിഷനിൽ ടെസ്റ്റ് കാളിഫിക്കേഷൻ ഉള്ളവരാണെന്നു പറഞ്ഞിട്ടുണ്ട്. ഗവണ്മെൻറ് ഇതിനെ സംബന്ധിച്ചു് ഒരു റിപ്പോർട്ട് വരുത്തിയിട്ടുണ്ടു്. അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഐ. രാജൻ: എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന വില്ലേജ് അസിസ്റ്റൻറുമാരെ തെരഞ്ഞെടുക്കുന്ന സംപ്രദായം നിലവിലുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അത്യാവശ്യമായുള്ള വേക്കൻസികളും വരുകയാണെങ്കിൽ അത്യാവശ്യമായിട്ടുള്ള അത്തരം പോസ്റ്റുകളും നികത്തുന്നതിനുവേണ്ടി കളക്ടർമാർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും എടുക്കുന്നുണ്ടു്.

വിൽപന വരി അസിസ്റ്റൻറ് അപ്പലേറ്റ് കമിഷണർമാർ

* 142. [527] ശ്രീ. എൻ. കണപതി : *കീഴ് കാണും വിലക്കുകൾക്കു റെവന്യൂ മന്ത്രി അവർകൾ ദയവു ചെയ്തു പകർവാർക്കുമാറാകുന്നതാണോ :*

(എ) നമ്മുടെ സംസ്ഥാനത്തിൽ വിൽപന വരി അസിസ്റ്റൻറ് അപ്പലേറ്റ് കമിഷണർമാർ എത്ര പേർ ഉണ്ടു് ;

(ബി) അവർ എല്ലാവരും ബി. എൽ. അല്ലെങ്കിൽ എൽ. എൽ. ബി. ബിരുദം ലഭിച്ചവരാണോ ;

(സി) ബിരുദമില്ലാത്തവരുടെ എത്ര പേർ സർട്ടിഫിക്കറ്റ് ലഭിച്ചവരാണു് എന്നു വെളിപ്പെടുത്താമോ ;

(ഡി) അവരുടെ നിയമനത്തിൽ സർക്കാർ സ്വീകരിക്കുന്ന നയം എന്താണു് ;

(ഇ) സർട്ടിഫിക്കറ്റ് പരീക്ഷ നടത്തണമെന്നു തീരുമാനിച്ചിട്ടുണ്ടോ അല്ലെങ്കിൽ സിവിൽ സർവീസുകാരായ വിൽപന വരി അധികാരികൾക്കു് പദവി ഉയർത്തി നിയമിക്കുകയാണോ ;

(എഫ്) ഇതുസംബന്ധിച്ചു് ടേക്സേഷൻ എൻക്വയറി കമിറ്റി റിപ്പോർട്ടിലെ 146, 147-ാം ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ അതിന്റെ ഫലം എന്താണു് ?

Revenue Minister (**Smt. K. R. Gouri**). (a) There are 16 posts of Appellate Assistant Commissioners in Agriculture, Income-tax and Salestax Departments. Out of these, three posts are lying vacant.

(b) No

(c) Out of 13 Appellate Assistant Commissioners now working, 6 Appellate Assistant Commissioners do not possess law qualifications.

(d) No separate principle is followed regarding the appointment of Appellate Assistant Commissioners but only sui able persons are posted as Appellate Assistant Commissioners.

LIBRARY ARCHIVES Kerala Legislative Assembly